കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

**ജി.ഒ (പി) നം. 56/11/പൊ.വി.വ** **തീയതി, തിരുവനന്തപുരം, 26/02/2011**

---

പരാമർശം: (1) 15/06/2004 - ലെ ജി..ഒ (പി) നം. 169/04/പൊ.വി.
(2) 10/6/2008-ലെ ജി.ഒ (പി) നം. 104/08/പൊ.വി.

# ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ഒരു അദ്ധ്യയന വർഷത്തിൽക്കുറവായ ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ നികത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. തദനുസരണം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIV A ചട്ടം 7A (3) പ്രകാരം എയ്ഡഡ് സ്കൂളുകളിലെ ഒരു അദ്ധ്യയന വർഷത്തിൽക്കുറവായ ഒഴിവുകളിൽ നിയമനം നടത്തുവാൻ പാടില്ലായെന്ന് ഭേദഗതി വരുത്തി.

പരാമർശം (2) ഉത്തരവ് പ്രകാരം അദ്ധ്യയനവർഷാരംഭം മുതൽ മധ്യവേനലവധി വരെ ഉള്ള കാലയളവിൽക്കുറഞ്ഞ സമയത്തേക്കുള്ള നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കാവൂവെന്നും അദ്ധ്യയന വർഷാരംഭത്തിനുശഷമുള്ള നിയമനങ്ങൾ ആദ്യത്തെ മധ്യവേനലവധി വരെ ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് മധ്യവേനലവധി കഴിഞ്ഞ് വരുന്ന അദ്ധ്യയനവർഷാരംഭം മുതൽ ശമ്പളസ്കെയിൽ അടിസ്ഥാനത്തിലും നൽകേണ്ടതാണ് എന്നും ഉത്തരവായിട്ടുണ്ട്.

ഈ വ്യവസ്ഥകൾ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഇക്കാര്യം സർക്കാർ പുന: പരിശോധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിലവിലുള്ള അദ്ധ്യാപകരുടെ റിട്ടയർമെന്റ്, രാജി, മരണം, ദീർഘകാല അവധി ഇവ മൂലവും ഒരോ വർഷവും ഉണ്ടാകാവുന്ന അധിക ഡിവിഷൻ മൂലവും ലഭ്യമാകുന്ന മാർച്ച് 31-ന് ശേഷവും തുടരുന്ന അംഗീകൃത ഒഴിവുകളിലെ നിയമനങ്ങൾക്ക് കെ.ഇ.ആർ. അദ്ധ്യായം

XIV A, റൂൾ 49 -ലെ വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകാരം നൽകാവുന്നതാണ്.

2. ഒരക്കാദമിക വർഷത്തിൽ 8 മാസത്തിൽ കുറവ് കാലയളവിലേയ്ക്കുള്ള നിയമനങ്ങൾ ദിവസവേതനത്തിലും അതിൽ അധികമുള്ള കാലയളവിലെ നിയമനങ്ങൾ റഗുലറായും (ശമ്പളസ്കെയിലിലും) അംഗീകരിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം മാത്രം പരാമർശ ഉത്തരവുകൾക്ക് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജയിംസ് വർഗ്ഗീസ്**

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

പൊതു ഭരണ (എസ്. സി.) വകുപ്പ് (16/02/2011 -ലെ ഇനം നമ്പർ --------)

അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ.ടി.@സ്കൂൾ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ധനകാര്യവകുപ്പ് (Vide U.O. No. 15763/എഡ്യൂ. എ1 /11 /ധന. തീയതി: 26/02/2011)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും

സ്റ്റോക്ക് ഫയൽ

ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ